173

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# മതം മാറിയവരുടെ വിവാഹ വിഘടന ആക്ററ്, 1866

## (1866-ലെ 21-ാം നമ്പർ ആക്ററ്)

വില:

റിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

2/2139,

കേന്ദ്ര ഗവൺമെന്റ്
നീയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# മതം മാറിയവരുടെ വിവാഹ വിഘടന ആക്റ്റ്, 1866

(1866-ലെ 21-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

.2/2135,

1977

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# മതം മാറിയവരുടെ വിവാഹ വിഘടന ആക്ററ്, 1866

(1866—ലെ 21—ാം നമ്പർ ആക്ററ്)

ക്രിസ്തുമതത്തിലേക്ക് മതം മാറിയവരുടെ വിവാഹ വിഘടനം ചില പരിത:സ്ഥിതികളിൽ നിയമാനുസൃത മാക്കാനുള്ള ആക്ററ്

[1866 ഏപ്രിൽ 2]

ആമുഖം.— ക്രിസ്തുമതത്തിലേക്ക് മതം മാറിയവരും മതപരമായ കാരണങ്ങളിൻമേൽ തങ്ങളുടെ ഭാര്യമാരാലോ ഭർത്താക്കൻമാരാലോ അഭിത്യജിക്കപ്പെടുകയോ, നിരാകരിക്കപ്പെടുകയോ ചെയ്തിട്ടുള്ളവരുമായവരുടെ വിവാഹങ്ങളുടെ വിഘടനം ചില പരിത:സ്ഥിതികളിൽ നിയമാനുസൃതമാക്കുന്നത് സമീചീനമായിരിക്കയാൽ; ഇത് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേർ.— ഈ ആക്ററിന്, മതം മാറിയവരുടെ വിവാഹവിഘടന ആക്ററ്, 1866 എന്ന് പേർ പറയാവുന്നതാണ്.

2. * [ആക്ററിൻെറ പ്രാരംഭം.— റദ്ദാക്കൽ ആക്ററ്, 1874 (1874-ലെ 16) ഒന്നാം വകുപ്പിനാലും 1-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു] .

3. വ്യാഖ്യാന ഖണ്ഡം.— ഈ ആക്ററിൽ——

"ഭർത്താവ്".— "ഭർത്താവി" ന്, പതിനാറു വയസ്സ് പൂർത്തിയായവനും ക്രിസ്ത്യാനിയോ, മുഹമ്മദീയനോ ജൂതനോ അല്ലാത്തവനും ആയ, ഇൻഡ്യയിൽ അധിവാസമുള്ള വിവാഹിതനായ ആാം എന്നർത്ഥമായിരിക്കുന്നതും ;

"ഭാര്യ".— "ഭാര്യ" യ്ക്ക്, പതിമൂന്നുവയസ്സ് പൂർത്തിയായവളും ക്രിസ്ത്യാനിയോ മുഹമ്മദനോ ജൂതനോ അല്ലാത്തവളും ആയ, ഇൻഡ്യയിൽ അധിവാസമുള്ള വിവാഹിതയായ സ്ത്രീ എന്നർത്ഥമായിരിക്കുന്നതും;

"വ്യക്തി നിയമം".— "വ്യക്തി നിയമ" ത്തിന്, ക്രിസ്ത്യാനികളോ മുഹമ്മദീയരോ ജൂതരോ അല്ലാത്തവരും, ഇൻഡ്യയിൽ അധിവാസമുള്ളവരുമായ ഏതെങ്കിലും ആളുകളുടെ ഏതെങ്കിലും നിയമം, അല്ലെങ്കിൽ നിയമപ്രാബല്യമുള്ള ആചാരം എന്നർത്ഥമായിരിക്കുന്നതും :

---

* ഈ ആക്ററിൽ അടങ്ങിയ യാതൊന്നും പാണ്ടിച്ചേരി യൂണിയൻ രാജ്യക്ഷേത്രത്തിലെ റി നോൻകാൻ.ഡ്സനു ബാധകമായിരിക്കുന്നതല്ല. പാണ്ടിച്ചേരി (നിയമങ്ങളുടെ വ്യാപകമാക്കൽ) ആക്ററ്, 1968, പട്ടിക ഭാഗം 1 അനുസരിച്ചുള്ള ഭേദഗതി.

2/2139/V.

"മാസ" വും "വർഷ" വും .— "മാസ" ത്തിനും, "വർഷ" ത്തിനും യഥാക്രമം, ബ്രിട്ടീഷ് കലണ്ടർ അനുസരിച്ചുള്ള മാസം എന്നും വർഷം എന്നും അർത്ഥമായിരിക്കുന്നതും,

ആകുന്നു.

4. തന്റെ ഭാര്യയാൽ അഭിത്യജിക്കപ്പെട്ട, മതം മാറിയവന് ദാമ്പത്യ സഹവാസത്തിന് വ്യവഹാരം കൊടുക്കാവുന്നത് എപ്പോഴെന്ന് .— ഒരു ഭർത്താവ്, തന്റെ മതം ക്രിസ്തുമതമായി മാററുകയും, അങ്ങനെയുള്ള മാററത്തിന്റെ ഫലമായി, അയാളുടെ ഭാര്യ തുടർച്ചയായി ആറുമാസക്കാലം അയാളെ അഭിത്യജിക്കുകയോ നിരാകരിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ, അയാൾക്ക് ദാമ്പത്യ സഹവാസത്തിന് അവർക്കെതിരായി വ്യവഹാരം കൊടുക്കാവുന്നതാണ്.

5. തന്റെ ഭർത്താവിനാൽ അഭിത്യജിക്കപ്പെട്ട, മതം മാറിയവൾക്ക് വ്യവഹാരം കൊടുക്കാവുന്നത് എപ്പോഴെന്ന് .— ഒരു ഭാര്യ, തന്റെ മതം ക്രിസ്തുമതമായി മാററുകയും അങ്ങനെയുള്ള മാററത്തിന്റെ ഫലമായി, അവളുടെ ഭർത്താവ് തുടർച്ചയായി ആറുമാസക്കാലം അവളെ അഭിത്യജിക്കുകയോ നിരാകരിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ, അവൾക്ക് ദാമ്പത്യ സഹവാസത്തിന് അയാൾക്കെതിരായി വ്യവഹാരം കൊടുക്കാവുന്നതാണ്.

6. വ്യവഹാരം കൊണ്ടുവരേണ്ടത് ഏത് കോടതിയിലെന്ന് .— അങ്ങനെയുള്ള വ്യവഹാരത്തിന്റെ ആരംഭ സമയത്ത്, എതിർകക്ഷി, ഹൈക്കോടതികളിൽ ഏതിന്റെയെങ്കിലും സാധാരണ സിവിൽ ആദ്യാധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ താമസിക്കുന്നുവെങ്കിൽ, വ്യവഹാരം അങ്ങനെയുള്ള കോടതിയിൽ ആരംഭിക്കേണ്ടതും, അല്ലാത്തപക്ഷം, ആ വ്യവഹാരത്തിന്റെ ആരംഭത്തിൽ പ്രതി താമസിക്കുന്ന ജില്ലയിലെ ആദ്യാധികാരിതയുള്ള പ്രിൻസിപ്പൽ സിവിൽക്കോടതിയിൽ ആരംഭിക്കേണ്ടതും ആകുന്നു.

7. വ്യവഹാരം സത്യബോധപ്പെടുത്തിയ ഹർജി വഴി ആരംഭിക്കണമെന്ന്.— വ്യവഹാരം, ഈ ആക്ററിലെ ഒന്നാം പട്ടികയിലെ ഫാറത്തിലോ, അതിനോട്, സംഗതിയുടെ പരിതഃസ്ഥിതികൾ അനുവദിക്കുന്നത്ര അടുത്തു വരുന്ന ഫാറത്തിലോ ഉള്ള ഹർജി വഴി ആരംഭിക്കേണ്ടതാകുന്നു.

ഹർജിയിൽ ചെയ്തിട്ടുള്ള പ്രസ്താവനകൾ, അന്യായങ്ങളുടെ സത്യബോധപ്പെടുത്തലിന് നിയമം ആവശ്യപ്പെടുന്ന രീതിയിൽ ഹർജിക്കാരൻ, സത്യബോധപ്പെടുത്തേണ്ടതും, ഹർജി കോടതിയുടെ അനുവാദത്തോടുകൂടി ഭേദഗതി ചെയ്യാവുന്നതും ആണ്.

8. ഹർജി നടത്തുന്നതിൻമേൽ എതിർകക്ഷിക്കുള്ള സൈറേറഷൻ .— ഹർജിയുടെ ഒരു പകർപ്പ്, എതിർകക്ഷിക്ക് നടത്തേണ്ടതും, അതോടെ കോടതി, കോടതിമുദ്രവച്ചതും ജഡ്ജി ഒപ്പിട്ടതുമായ ഒരു സൈറേറഷൻ പുറപ്പെടുവിക്കേണ്ടതുമാകുന്നു.

9. സൈറേറഷന്റെ ഫാറം .— സാധാരണ സംഗതികളിൽ സൈറേറഷൻ ഈ ആക്ററിന്റെ രണ്ടാം പട്ടികയിലെ ഫാറത്തിലോ, അതിനോട്, സംഗതിയുടെ പരിതഃസ്ഥിതികൾ അനുവദിക്കുന്നത്ര അടുത്തു വരുന്ന ഫാറത്തിലോ ആയിരിക്കേണ്ടതാണ്.

എന്നാൽ, എതിർകക്ഷി കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽ നിന്ന് നിയമപ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ളിടത്തോ, അല്ലെങ്കിൽ സൈറേറഷൻ ഈ ആക്ററിലെ മൂന്നാം പട്ടികയിലെ ഫാറത്തിലോ, അതിനോട്, സംഗതിയുടെ

പരിതഃസ്ഥിതികൾ അനുവദിക്കുന്നത്ര അടുത്തു വരുന്ന ഫാറത്തിലോ ആയിരിക്കേണ്ടതാണെന്ന് ജഡ്ജി നിർദ്ദേശിക്കുന്നിടത്തോ, സൈറേഷൻ അപ്രകാരം ആയിരിക്കേണ്ടതാകുന്നു.

10. സൈറേഷൻ നടത്തൽ .— സൈറേഷന്റെ, കോടതി മുദ്രവച്ച ഒരു പകർപ്പ് എതിർകക്ഷിക്ക് നടത്തേണ്ടതും; സമൺസുകളുടെ നടത്തലും എൻഡോഴ്സ്മെന്റും സംബന്ധിച്ച സിവിൽ നടപടി നിയമസംഹിത (1908-ലെ 5) യിലെ വ്യവസ്ഥകൾ, ആവശ്യകമായ ഭേദഗതികളോടെ ഈ ആക്റ്റിൻ കീഴിലെ സൈറേഷനുകൾക്ക് ബാധകമായിരിക്കുന്നതുമാകുന്നു.

11. സൈറേഷൻ അനുസരിക്കാത്ത എതിർകക്ഷിക്കുള്ള ദണ്ഡനം .— എതിർകക്ഷി അങ്ങനെയുള്ള സൈറേഷൻ അനുസരിക്കുകയും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് കീഴിൽ അവളോടോ, അവനോടോ ആവശ്യപ്പെടുന്ന ഏതൊന്നും അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ, അവളോ അവനോ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 174-ാം വകുപ്പിൻകീഴിൽ ശിക്ഷാർഹയോ ശിക്ഷാർഹനോ ആയിരിക്കുന്നതാണ്.

12. ഹർജിക്കക്ഷി ഹാജരാകുന്നതിൻമേൽ തെളിയിക്കപ്പെടേണ്ട സംഗതികൾ .— സൈറേഷനിൽ നിജപ്പെടുത്തിയിട്ടുള്ള ദിവസം ഹർജിക്കക്ഷി കോടതിയിൽ ഹാജരാകേണ്ടതും, താഴെപറയുന്ന സംഗതികൾ തെളിയിക്കേണ്ടതുമാണ് :—

(1) കക്ഷികളുടെ അനന്യത ;

(2) ഹർജിക്കക്ഷിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹം ;

(3) വ്യവഹാരത്തിലെ കക്ഷികളിൽ പുരുഷന് പതിനാറു വയസ്സ് പൂർത്തിയായിട്ടുണ്ടെന്നും സ്ത്രീയ്ക്ക് പതിമൂന്നു വയസ്സ് പൂർത്തിയായിട്ടുണ്ടെന്നും ഉള്ളത്;

(4) എതിർകക്ഷി, ഹർജിക്കക്ഷിയെ അഭിത്യജിക്കുകയോ നിരാകരിക്കുകയോ, ചെയ്തത് ;

(5) അങ്ങനെയുള്ള അഭിത്യജനമോ നിരാകരണമോ ഹർജിക്കക്ഷിയുടെ മതം മാറലിന്റെ ഫലമായിട്ടായിരുന്നു എന്നുള്ളത് ;

(6) അങ്ങനെയുള്ള അഭിത്യജനമോ നിരാകരണമോ വ്യവഹാരത്തിന് തൊട്ടു മുമ്പുള്ള ആറുമാസക്കാലം തുടർന്നു പോന്നിരുന്നു എന്നുള്ളത്.

13. എതിർകക്ഷിയെ ആദ്യമായി ചോദ്യം ചെയ്യൽ .— അങ്ങനെയുള്ള സംഗതികൾ ജഡ്ജിക്ക് ബോദ്ധ്യപ്പെടുന്നവിധം തെളിയിക്കപ്പെടുന്നുവെങ്കിൽ, അതോടെ എതിർകക്ഷിയോട്, അവളോ അവനോ, ഹർജിക്കക്ഷിയുമായി സഹവസിക്കാൻ വിസമ്മതിക്കുന്നുവോ എന്നും, അങ്ങനെയാണെങ്കിൽ, അങ്ങനെയുള്ള വിസമ്മതം ഏതു കാരണത്തിൻമേലാണെന്നും ചോദിക്കേണ്ടതാകുന്നു.

സാധാരണ സംഗതികളിൽ അങ്ങനെയുള്ള ചോദ്യം ചെയ്യലും, ഈ ആക്റ്റ് നിർണ്ണയിക്കുന്ന മറ്റ് ഏതൊരു ചോദ്യം ചെയ്യലും, ജഡ്ജിയാലായിരിക്കേണ്ടതും, എന്നാൽ എതിർകക്ഷി കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽ നിന്ന് നിയമപ്രകാരം ഒഴിവാക്കപ്പെട്ടിരിക്കുമ്പോഴോ, അല്ലെങ്കിൽ ജഡ്ജി സ്വവിവേകം ഉപയോഗിച്ച് എതിർകക്ഷിയെ അങ്ങനെ ഹാജരാകുന്നതിൽനിന്ന് ഒഴിവാക്കുമ്പോഴോ, ചോദ്യം ചെയ്യലുകൾ, ഇതിൽ ഇതിനുശേഷം പറഞ്ഞിട്ടുള്ള കമ്മീഷൻ കീഴിൽ പ്രവർത്തിക്കുന്ന കമ്മീഷണർമാരാൽ ആയിരിക്കേണ്ടതുമാകുന്നു.

14. ജഡ്ജിയാലുള്ള ചോദ്യം ചെയ്യലുകൾ പബ്ലിക്ക് ആയോ സ്വകാര്യമായോ ആകാമെന്ന്.—ഈ ആക്ററിൽ പറയുന്നതും ജഡ്ജിയാലുള്ളതുമായ ഏതൊരു ചോദ്യം ചെയ്യലും, ജഡ്ജിയുടെ സ്വവിവേകോപയോഗം അനുസരിച്ച് തുറന്ന കോടതിയിൽ വച്ചോ അദ്ദേഹത്തിൻെറ സ്വകാര്യ മുറിയിൽവച്ചോ ആകാവുന്നതാണ്.

അങ്ങനെയുള്ള ഏതെങ്കിലും ചോദ്യം ചെയ്യൽ തുറന്ന കോടതിയിൽ വച്ചാണെങ്കിൽ ജഡ്ജിക്ക്, അതു തുടരുന്നിടത്തോളം, കോടതിയിൽനിന്ന് ഒഴിച്ചുനിറുത്തുന്നത് യുക്തമാണെന്ന് തോന്നുന്ന എല്ലാ ആളുകളേയും, അപ്രകാരം ഒഴിച്ചു നിറുത്താവുന്നതാണ്.

15. സ്ത്രീയായ എതിർകക്ഷി ഹർജിക്കാരനുമായി സഹവസിക്കുവാൻ വിസമ്മതിക്കുമ്പോഴത്തെ നടപടിക്രമം.—ഒരു വർഷത്തേക്ക് നീട്ടിവയ്ക്കൽ—കൂടിക്കാഴ്ച.—എതിർകക്ഷി സ്ത്രീ ആയിരിക്കുകയും, അതതു സംഗതിപോലെ, ജഡ്ജിയുടേയോ കമ്മീഷണർമാരുടെയോ ചോദ്യാവലികൾക്ക് മറുപടിയായി ഹർജിക്കാരനുമായി സഹവസിക്കുവാൻ വിസമ്മതിക്കുകയും, ചെയ്യുന്നുവെങ്കിൽ, ജഡ്ജി, എതിർകക്ഷിയുടെ മറുപടികളും ഹർജിക്കാരൻ തെളിയിക്കുന്ന വസ്തുതകളും പരിഗണിച്ചതിൻമേൽ, അങ്ങയെയുള്ള വിസമ്മതത്തിൻെറ കാരണം ഹർജിക്കാരൻെറ മതം മാറലാണെന്ന് തനിക്ക് അഭിപ്രായമുണ്ടെങ്കിൽ, കേസ് ഒരു വർഷത്തേക്ക് നീട്ടിവച്ചുകൊണ്ടും, ആ ഇടക്കാലത്ത് എതിർകക്ഷി സ്വതന്ത്രമായും സ്വേച്ഛയാ ആയും അങ്ങനെയുള്ള വിസമ്മതം തുടരുന്നുണ്ടോ ഇല്ലയോ എന്ന് തിട്ടപ്പെടുത്താനുള്ള ലക്ഷ്യത്തോടെ, കക്ഷികൾ തമ്മിൽ, സൗകര്യമായതെന്ന് അദ്ദേഹം കരുതുന്ന സ്ഥലത്തും സമയത്തും, അദ്ദേഹം തിരഞ്ഞെടുക്കുന്ന ആളുടേയോ ആളുകളുടേയോ (അവർ സ്ത്രീയോ സ്ത്രീകളോ ആകാവുന്നതാണ്) സാന്നിദ്ധ്യത്തിൽ അദ്ദേഹം നിദേശിക്കുന്നത്ര സമയം നീണ്ടുനില്ക്കുന്ന ഒരു കൂടിക്കാഴ്ച വേണമെന്ന് നിർദേശിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കേണ്ടതാകുന്നു.

16. നീട്ടിവച്ച കാലം കഴിഞ്ഞാലത്തെ നടപടിക്രമം.—എതിർകക്ഷിയെ ചോദ്യംചെയ്യൽ.വിധി.അങ്ങനെ നീട്ടിവച്ചകാലംകഴിയുന്നതിൻമേൽഹർജിക്കാരൻ വീണ്ടും കോടതിയിൽ ഹാജരാകേണ്ടതും, മുൻപറഞ്ഞ അഭിത്യജനമോ നിരാകരണമോ ഇതിൽ ഇതിനുമുമ്പ് ഒടുവിൽ പരാമർശിച്ച സമയംവരേയും തുടർന്നുപോന്നിട്ടുണ്ടായിരുന്നു എന്ന് തെളിയിക്കേണ്ടതും ഈ ആക്ററിലെ 12-ാം വകുപ്പിലും ഈ വകുപ്പിലും പറഞ്ഞിട്ടുള്ള സംഗതികൾ ജഡ്ജിക്ക് ബോദ്ധ്യപ്പെടുന്ന വിധം തെളിയിക്കപ്പെടുകയും, അതതു സംഗതിപോലെ, ജഡ്ജിയോ കമ്മിഷണർമാരോ ചോദ്യം ചെയ്യുന്നതിൻമേൽ എതിർകക്ഷി ഹർജിക്കാരനുമായി സഹവസിക്കുവാൻ വീണ്ടും വിസമ്മതിക്കുകയും ചെയ്യുന്നുവെങ്കിൽ, എതിർകക്ഷി ഹർജിക്കാരനെ അന്തിമമായി അഭിത്യജിക്കുകയോ നിരാകരിക്കുകയോ ചെയ്തതായി കണക്കാക്കപ്പെടുന്നതും;

കക്ഷികൾ തമ്മിലുള്ള വിവാഹം വിഘടനം ചെയ്യപ്പെട്ടിരിക്കുന്നതായി താൻ ഒപ്പിട്ടതും തൻെറ കോടതി മുദ്രയോടുകൂടിയതുമായ വിധിയാൽ പ്രഖ്യാപിക്കേണ്ടതും ആകുന്നു.

17. ഹർജിക്കാരി മതം മാറിയ കാരണത്തിൻമേൽ എതിർകക്ഷി സഹവസിക്കാൻ വിസമ്മതിക്കുന്ന സംഗതിയിലെ വിധി.—എതിർകക്ഷി പുരുഷനായിരിക്കുകയും, അതതു സംഗതിപോലെ, ജഡ്ജിയുടേയോ കമ്മീഷണർമാരുടെയോ ചോദ്യാവലികൾക്ക് മറുപടിയായി ഹർജിക്കാരിയുമായി സഹവസിക്കുവാൻ

വിസമ്മതിക്കുകയും ചെയ്യുന്നുവെങ്കിൽ, ജഡ്ജി, എതിർകക്ഷിയുടെ മറുപടികളും ഹർജിക്കാരി തെളിയിക്കുന്ന വസ്തുതകളും പരിഗണിച്ചതിൻമേൽ, അങ്ങനെയുള്ള വിസമ്മതത്തിന്റെ കാരണം ഹർജിക്കാരിയുടെ മതം മാറലാണെന്ന് തനിക്ക് അഭിപ്രായമുണ്ടെങ്കിൽ, കേസ് ഒരു വർഷത്തേക്ക് നീട്ടിവയ്ക്കേണ്ടതാകുന്നു.

അങ്ങനെ നീട്ടിവച്ച കാലം കഴിയുന്നതിൻമേൽ ഹർജിക്കാരി വീണ്ടും കോടതിയിൽ ഹാജരാകേണ്ടതും, അതതു സംഗതിപോലെ, ജഡ്ജിയോ കമ്മീഷണർമാരോ ചോദ്യം ചെയ്യുന്നതിൻമേൽ എതിർകക്ഷി ഹർജിക്കാരിയുമായി സഹവസിക്കുവാൻ വീണ്ടും വിസമ്മതിക്കുന്നുവെങ്കിൽ, ജഡ്ജി, മുമ്പ് ഒടുവിൽ പറഞ്ഞതുപോലുള്ള വിധി പാസ്സാക്കേണ്ടതുമാകുന്നു.

പരിമിതിവ്യവസ്ഥ.—എന്നാൽ, അന്യായത്തിലെ നടപടികൾ ആവശ്യമായ ഭേദഗതികളോടെ സ്ത്രീയായ ഒരു എതിർകക്ഷിയുടെ സംഗതിയിലേതുപോലെതന്നെ ആയിരിക്കേണ്ടതാണെന്ന് ഹർജിക്കാരി ആഗ്രഹിക്കുന്നുവെങ്കിൽ, വ്യവഹാരത്തിലെ നടപടികൾ അപ്രകാരമായിരിക്കേണ്ടതാണ്. (എന്നാൽ മററു വിധത്തിലാണെങ്കിൽ അങ്ങനെയല്ല)

18. എതിർകക്ഷി അപ്രകാരം വിസമ്മതിക്കുന്നത് ഇരുകക്ഷികളിൽ ആരെങ്കിലും വിവാഹസമയത്ത് ലൈംഗികപക്വതയെത്താതിരിക്കെ, ലൈംഗിക സംഗത്തോടെ പൂർത്തീകരിക്കാത്ത വിവാഹത്തിന്റെ സംഗതിയിൽ ആണെങ്കിലത്തെ വിധി. —ഇതിൽ ഇതിനുമുമ്പ് എന്തുതന്നെ അടങ്ങിയിരുന്നാലും, ഇരുകക്ഷികൾക്കുമോ അല്ലെങ്കിൽ അവരിൽ ആർക്കെങ്കിലുമോ അവരുടെ വിവാഹത്തീയതി ലൈംഗികപക്വതയെത്തിയിട്ടുണ്ടായിരുന്നില്ലെന്നും, അങ്ങനെയുള്ള വിവാഹം ലൈംഗിക സംഗത്തോടെ പൂർത്തീകരിച്ചിട്ടില്ലെന്നും വ്യവഹാരത്തിലെ ഏതെങ്കിലും ഘട്ടത്തിൽ കാണപ്പെടുകയും; ഈ ആക്ററിലെ 13-ാം വകുപ്പനുസരിച്ചുള്ള ചോദ്യം ചെയ്യലുകൾക്ക് മറുപടിയായി എതിർകക്ഷി ഹർജിക്കക്ഷിയുമായി സഹവസിക്കുവാൻ വിസമ്മതിക്കുകയും, അങ്ങനെയുള്ള വിസമ്മതത്തിനു കാരണമായി ഹർജിക്കക്ഷി അവന്റേയോ അവളുടേയോ മതം മാറിയിട്ടുണ്ടെന്ന് പറയുകയും ചെയ്യുന്നുവെങ്കിൽ, ജഡ്ജി അതോടെ, മുമ്പ് ഒടുവിൽ പറഞ്ഞതുപോലെയുള്ള വിധി പാസ്സാക്കേണ്ടതാകുന്നു.

19. വീണ്ടും വിവാഹം ചെയ്യുവാൻ കക്ഷികൾക്ക് സ്വാതന്ത്ര്യം.—ഈ ആക്ററിന്റെ വ്യവസ്ഥകൾക്കുകീഴിൽ വിവാഹം വിഘടനം ചെയ്യുന്ന ഏതെങ്കിലും വിധി പാസ്സാക്കിയിരിക്കുമ്പോൾ, അതിലെ യഥാക്രമമുള്ള കക്ഷികൾ, മുൻവിവാഹം മരണത്താൽ വിഘടിതമായിട്ടുണ്ടായിരുന്നാലെന്നപോലെ വീണ്ടും വിവാഹം ചെയ്യുന്നത് നിയമാനുസൃതമായിരിക്കുന്നതും, അങ്ങനെയുള്ള ഏതെങ്കിലും പുനർവിവാഹത്തിലെ സന്താനം വിപരീതമായ ഏതെങ്കിലും വ്യക്തി നിയമം ഉണ്ടെന്നിരുന്നാൽത്തന്നെയും നിയമാനുസൃതവേഴ്ചയിലുണ്ടായ സന്താനമായിരിക്കുന്നതും ആണ്.

എന്നാൽ, യാതൊരു മതപുരോഹിതനും, ഈ ആക്ററിൻ കീഴിൽ മുൻവിവാഹം വിഘടിതമായിട്ടുള്ള ഏതെങ്കിലും ആളുടെ വിവാഹം ആഘോഷിച്ചുകൊടുക്കാൻ നിർബന്ധിക്കപ്പെടാൻ പാടുള്ളതോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ആളുടെ വിവാഹം ആഘോഷിച്ചുകൊടുക്കാൻ വിസമ്മതിക്കുന്നതിന് ഏതെങ്കിലും വ്യവഹാരത്തിനോ, ശിക്ഷയ്ക്കോ ബാധ്യസ്ഥനായിരിക്കുന്നതോ അല്ല.

20. ഒഴിവാക്കപ്പെട്ട ആളുകളെ വിസ്തരിക്കുന്നതിന് കമ്മീഷൻ പുറപ്പെടുവിക്കുവാൻ ജഡ്ജി ഉത്തരവ് ചെയ്യണമെന്ന്.—ഈ ആക്ററിൻകീഴിൽ ആരംഭിക്കുന്ന വ്യവഹാരങ്ങളിൽ, ജഡ്ജി മുൻപറഞ്ഞതുപോലെ ഒഴിവാക്കപ്പെട്ട ഏതെങ്കിലും ആളുകളെ ചോദ്യാവലിയിൻമേലോ മററുവിധത്തിലോ വിസ്തരിക്കുന്നതിനായി, യുക്തമെന്നുതോന്നുന്ന ആളുകൾക്ക്, അവർ പുരുഷൻമാരോ സ്ത്രീകളോ, രണ്ടുകൂട്ടരുമോ ആയിരുന്നാലും, ഒരു കമ്മീഷൻ പുറപ്പെടുവിക്കുവാൻ ഉത്തരവ് ചെയ്യേണ്ടതാകുന്നു.

സിവിൽ നടപടി നിയമസംഹിത (1908-ലെ 5) യിലെ വ്യവസ്ഥകൾ, പ്രായോഗികമായിടത്തോളം ഈ ആക്ററിൻ കീഴിൽ പുറപ്പെടുവിക്കുന്ന കമ്മീഷനുകൾക്ക് ബാധകമാകുന്നതാണ്.

21. വിവാഹവും, മതം മാററത്തിന്റെ ഫലമായി ഹർജിക്കക്ഷിയെ അഭിത്യജിക്കുകയോ നിരാകരിക്കുകയോ ചെയ്തതും തെളിയിക്കുന്നത്.—ഈ ആക്ററിൻകീഴിൽ ആരംഭിക്കുന്ന ഒരു വ്യവഹാരത്തിന്റെ ഏതു ഘട്ടത്തിലും, ഭർത്താവും ഭാര്യയും എന്ന നിലയിൽ സഹവസിക്കുന്നത്, കക്ഷികളുടെ വിവാഹത്തിന്റെ മതിയായ ആനുമാനികതെളിവായിരിക്കുന്നതും, ഹർജികക്ഷിയുടെ മതം മാററത്തിനുശേഷവും, അത് എതിർകക്ഷി അറിഞ്ഞതിനു ശേഷവും ഹർജിക്കക്ഷിയുമായി സഹവസിക്കുവാൻ എതിർകക്ഷി വിസമ്മതിക്കുന്നതോ, സ്വേച്ഛയാ ഉപേക്ഷ വരുത്തുന്നതോ തെളിയിക്കുന്നത് ഹർജിക്കക്ഷിയെ എതിർകക്ഷി അഭിത്യജിച്ചതിന്റേയോ നിരാകരിച്ചതിന്റേയോ മതിയായ തെളിവായിരിക്കുന്നതും, കൂടാതെ അങ്ങനെയുള്ള അഭിത്യജനത്തിനോ നിരാകരണത്തിനോ മററു വല്ല മതിയായ കാരണവും എതിർകക്ഷി തെളിയിക്കാത്തപക്ഷം, ആ അഭിത്യജനമോ നിരാകരണമോ ഹർജിക്കക്ഷിയുടെ മതം മാററത്തിന്റെ ഫലമായിട്ടായിരുന്നു എന്നുള്ളതിനുകൂടി മതിയായ തെളിവായിരിക്കുന്നതും ആണ്.

22. സിവിൽനടപടി നിയമസംഹിത (1908-ലെ 5) ബാധകമാക്കുന്നത്.—സാക്ഷികളെ സമൺ ചെയ്യുന്നതും വിസ്തരിക്കുന്നതും സംബന്ധിച്ച സിവിൽനടപടി നിയമസംഹിത (1908-ലെ 5) യിലെ വ്യവസ്ഥകൾ ഈ ആക്ററിൻകീഴിൽ ആരംഭിക്കുന്ന വ്യവഹാരങ്ങളിൽ ബാധകമായിരിക്കുന്നതാണ്.

23. ഇരു കക്ഷികളിൽ ആരെങ്കിലും ഈ ആക്ററുപ്രകാരം വേണ്ട പ്രായത്തിൽ താഴെയുള്ളവരാണെങ്കിലോ കക്ഷികൾ സഹവസിച്ചുകൊണ്ടിരിക്കുകയാണെങ്കിലോ, എതിർകക്ഷി സഹവസിക്കാൻ ഒരുക്കമാണെങ്കിലോ വ്യവഹാരം തള്ളിക്കളയുന്നത്.— വ്യവഹാരത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ, വ്യവഹാരത്തിലെ കക്ഷികളിൽ പുരുഷന് പതിനാറുവയസ്സിൽ താഴെയാണെന്നോ, വ്യവഹാരം ആരംഭിച്ചപ്പോൾ ആയിരുന്നുവെന്നോ, അല്ലെങ്കിൽ സ്ത്രീയ്ക്ക് പതിമൂന്നുവയസ്സിൽ താഴെയാണെന്നോ ആ സമയത്ത് ആയിരുന്നുവെന്നോ, അല്ലെങ്കിൽ, ഹർജികക്ഷിയും എതിർകക്ഷിയും ഭർത്താവും ഭാര്യയും എന്ന നിലയിൽ സഹവസിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നോ തെളിയിക്കുന്നുവെങ്കിലോ, അല്ലെങ്കിൽ നല്കപ്പെട്ട തെളിവിനാൽ ഹർജികക്ഷിയുമായി അപ്രകാരം സഹവസിക്കുവാൻ എതിർകക്ഷി തയ്യാറും ഒരുക്കവുമാണെന്ന് കോടതിയ്ക്ക് ബോദ്ധ്യപ്പെടുകയാണെങ്കിലോ, കോടതി വ്യവഹാരം തള്ളിക്കളഞ്ഞുകൊണ്ടും, അങ്ങനെ തള്ളിക്കളയുന്നതിന്നുള്ള കാരണം പ്രസ്താവിച്ചുകൊണ്ടും വിധി പാസ്സാക്കേണ്ടതാകുന്നു.

24 അങ്ങനെയുള്ള തള്ളിക്കളയലിന് ശേഷം വ്യവഹാരത്തിന്റെ പുനരുജ്ജീവനം.— മുൻ ഒടുവിലത്തെ വകുപ്പിൽ പറഞ്ഞിട്ടുള്ള കാരണങ്ങളിൽ ഏതിൻമേലെങ്കിലും, വ്യവഹാരം തള്ളിക്കളഞ്ഞുകൊണ്ടുള്ള ഒരു വിധിയ്ക്കുശേഷം പന്ത്രണ്ടുമാസത്തിനുള്ളിൽ ഏതെങ്കിലും സമയത്ത് എതിർകക്ഷി ഹർജിക്കക്ഷിയുടെ മതം മാററത്തിന്റെ കാരണത്തിൻമേൽ അവനേയോ അവളേയോ വീണ്ടും അഭിത്യജിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നുവെങ്കിൽ, എതിർകക്ഷിയെ സമൺചെയ്തു വ്യവഹാരം പുനരുജ്ജീവിപ്പിക്കാവുന്നതും, മുൻവിധിയും, അങ്ങനെ വീണ്ടും ഉണ്ടായ നിരാകരണവും അല്ലെങ്കിൽ അഭിത്യജനവും തെളിയിക്കപ്പെടുന്നതിൻമേൽ, വ്യവഹാരം അങ്ങനെയുള്ള വിധി പാസ്സാക്കുന്നതിന് തൊട്ടുമുമ്പ്, അത് എത്തിയിരുന്ന ഘട്ടത്തിൽ വച്ച് പുനരാരംഭിക്കുന്നതും, ഇതിൽ ഇതിനുമുൻപ് അടങ്ങിയ വ്യവസ്ഥകൾക്ക് കീഴിൽ അപ്പോൾ ആവശ്യമാകുന്ന തെളിയിക്കലുകൾക്കും ചോദ്യം ചെയ്യലുകൾക്കും, കൂടിക്കാഴ്ചയ്ക്കും നീട്ടിവയ്ക്കലിനുംശേഷം, ഡിഗ്രി, ഈ ആക്ററിലെ 16-ാം വകുപ്പിൽ പറഞ്ഞ പ്രകൃതത്തിലുള്ള വിധി പാസ്സാക്കേണ്ടതും ആകുന്നു.

25 ഹർജിക്കക്ഷിയുടെ ക്രൂരതയോ വ്യഭിചാരമോ വ്യവഹാരത്തിന് തടസ്സമാണെന്ന്.— വ്യവഹാരത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ, എതിർകക്ഷി, ഹർജിക്കക്ഷിയെ അഭിത്യജിക്കുകയോ നിരാകരിക്കുകയോ ചെയ്തിട്ടുള്ളത്, ഹർജിക്കക്ഷിയുടെ ക്രൂരതയുടേയോ വ്യഭിചാരത്തിന്റേയോ ഫലമായി മാത്രമാണെന്നോ, അല്ലെങ്കിൽ ഭാഗികമായി അതിന്റെ ഫലമായിട്ടാണെന്നോ തെളിയിക്കുന്നുവെങ്കിൽ, കോടതി, വ്യവഹാരം തള്ളിക്കളഞ്ഞുകൊണ്ടും, അങ്ങനെ തള്ളിക്കളയുന്നതിനുള്ള കാരണം പ്രസ്താവിച്ചുകൊണ്ടും വിധി പാസ്സാക്കേണ്ടതാകുന്നു.

ഈ വകുപ്പിൻകീഴിൽ തള്ളിക്കളയപ്പെടുന്ന ഒരു വ്യവഹാരം പുനരുജ്ജീവിക്കപ്പെടുന്നതല്ല.

26 പുരുഷനായ ഹർജിക്കക്ഷി പല ഭാര്യമാരിൽ ഒരാളുമായി സഹവസിക്കുന്നത് വ്യവഹാരത്തിന് തടസ്സമാണെന്ന് — പുരുഷനായ ഒരു ഹർജിക്കക്ഷിയ്ക്ക് വ്യവഹാരത്തിന്റെ ആരംഭസമയത്ത് രണ്ടോ അതിലധികമോ ഭാര്യമാരുണ്ടെങ്കിൽ, അയാൾ അവർ എല്ലാവരേയും എതിർകക്ഷികളാക്കേണ്ടതും, വ്യവഹാരത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ, അയാൾ അങ്ങനെയുള്ള ഭാര്യമാരിൽ ഒരാളുമായി, ഭർത്താവും ഭാര്യയുമെന്ന നിലയിൽ സഹവസിക്കുന്നുണ്ടെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള ഭാര്യമാരിൽ ആരെങ്കിലും ഒരാൾ അയാളുമായി അപ്രകാരം സഹവസിക്കാൻ തയ്യാറും ഒരുക്കവുമാണെന്നോ തെളിയിക്കപ്പെടുന്നുവെങ്കിൽ, കോടതി, വ്യവഹാരം തള്ളിക്കളഞ്ഞുകൊണ്ട്, അങ്ങനെ തള്ളിക്കളയുന്നതിനുള്ള കാരണം പ്രസ്താവിച്ചുകൊണ്ടും, വിധി പാസ്സാക്കേണ്ടതാകുന്നു.

ഈ ആക്ററിലെ 24-ാം വകുപ്പിൽ അടങ്ങിയ പുനരുജ്ജീവനം സംബന്ധിച്ച വ്യവസ്ഥകൾ, ആവശ്യകമായ ഭേദഗതികളോടെ ഈ വകുപ്പിൻ കീഴിൽ തള്ളിക്കളയപ്പെടുന്ന ഒരു വ്യവഹാരത്തിന് ബാധകമായിരിക്കുന്നതാണ്.

27 വിവാഹത്തിന്റെ വിഘടനം കുട്ടികളുടെ പദവിയേയോ അവകാശത്തേയോ ബാധിക്കുന്നതല്ലെന്ന്.— ഈ ആക്ററിന്റെ വ്യവസ്ഥകൾക്കു കീഴിലുള്ള വിവാഹവിഘടനം, ഹർജിക്കാരൻവഴിയുള്ള എതിർകക്ഷിയുടെ കുട്ടികൾക്ക്, (ആരെങ്കിലുമുണ്ടെങ്കിൽ) നിയമാനുസൃതവേഴ്ചയിലുണ്ടായ

കുട്ടികൾ എന്ന അവരുടെ പദവിയ്ക്കോ അല്ലെങ്കിൽ മുൻപറഞ്ഞതുപോലെ വിവാഹം വിഘടനം ചെയ്തിട്ടുണ്ടായിരുന്നില്ലെങ്കിൽ സംരക്ഷണമായോ, പിൻതുടർച്ചയായോ മററുവിധത്തിലോ അവർക്ക് ബാധകമായ വ്യക്തി നിയമമനുസരിച്ച് അവർക്ക് ഉണ്ടായിരിക്കുമായിരുന്ന ഏതെങ്കിലും അവകാശമോ അവകാശബന്ധമോ ഇല്ലാതാക്കുന്ന വിധം പ്രവർത്തിക്കുന്നതല്ല.

28 ജീവനാംശം നല്കാൻ കോടതിയ്ക്കുള്ള അധികാരം.— ഈ ആക്ററിന്റെ വ്യവസ്ഥകൾക്കുകീഴിൽ ഒരു വ്യവഹാരം ആരംഭിക്കപ്പെടുകയും, ഭാര്യയ്ക്ക് ജീവിതത്തിലെ, അവളുടെ നിലയ്ക്ക് അനുയോജ്യമായവിധം സ്വയം സംരക്ഷിച്ചുപോരുന്നതിനും, വ്യവഹാരം, വാദിയായോ പ്രതിയായോ നടത്തിക്കൊണ്ടുപോകുന്നതിനും അവൾക്കു കഴിവുണ്ടാക്കുന്നതിന് മതിയായ പ്രത്യേക വസ്തുവില്ലെന്ന് കോടതിയ്ക്ക് തോന്നുകയും ചെയ്യുന്നുവെങ്കിൽ, കോടതിക്ക്, വ്യവഹാരം, വാദിയായോ പ്രതിയായോ നടത്തിക്കൊണ്ടുപോകാൻ ഭാര്യയ്ക്ക് കഴിവുണ്ടാക്കുന്നതിനും, വ്യവഹാരം നിലവിലിരിക്കുന്ന കാലത്ത അവളുടെ സംരക്ഷണത്തിനും മതിയായ പണം അവൾക്ക് നല്കാൻ ഭർത്താവിനോട്, വ്യവഹാരം നിലവിലിരിക്കെ ഉത്തരവ് ചെയ്യാവുന്നതാണ്.

വ്യവഹാരം, ഭർത്താവ് ഭാര്യയ്ക്ക് എതിരായി കൊണ്ടുവരുന്നതാണെങ്കിൽ, കോടതിക്ക്, വിധിയാൽ, ഭർത്താവിനോട് അയാളുടെ ഭാര്യയുടെ ശേഷമുള്ള ജീവിതകാലത്തെ സംരക്ഷണത്തിനായി, കക്ഷികളുടെ സ്ഥിതിയും ജീവിതത്തിലെ നിലയും പരിഗണിച്ചുകൊണ്ട്, അവൾക്ക് അങ്ങനെയുള്ള കോടതിക്ക് തോന്നുന്ന ബത്ത നല്കാൻ ഉത്തരവ് ചെയ്യാവുന്നതാണ്.

അങ്ങനെ ഉത്തരവുചെയ്യുന്ന ഏതെങ്കിലും ബത്ത, ഭാര്യയുടെ പിന്നീടുള്ള ഏതെങ്കിലും വിവാഹത്തിന്റെ സമയം മുതൽ ഇല്ലാതാകുന്നതാണ്.

29 ആക്ററിൻകീഴിൽ അപ്പീലില്ലെന്ന്; എന്നാൽ ജഡ്ജിയ്ക്കു മതം മാററത്താൽ വിവാഹം വിഘടിതമായിട്ടുണ്ടോ എന്ന പ്രശ്നം ഉന്നയിച്ചുകൊണ്ട് വസ്തുതാവിവരണം തയ്യാറാക്കി അയക്കാവുന്നതാണ്.— ഈ ആക്ററിൻകീഴിൽ ആരംഭിക്കുന്ന ഏതെങ്കിലും വ്യവഹാരത്തിൽ ഏതെങ്കിലും കോടതി പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിനോ പാസ്സാക്കുന്ന ഏതെങ്കിലും വിധിയ്ക്കോ എതിരായി അപ്പീൽ ഉണ്ടായിരിക്കുന്നതല്ലാത്തതും; എന്നാൽ, വ്യവഹാരത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ, എതിർകക്ഷി, പ്രതിവാദമെന്ന നിലയിൽ കക്ഷികൾ തമ്മിലുള്ള വിവാഹം ഹർജിക്കക്ഷിയുടെ മതം മാററത്താൽ വിഘടിതമായിരിക്കുന്നു എന്നും, തത്ഫലമായി ഹർജിക്കക്ഷി, ഈ ആക്ററിന്റെ അർത്ഥത്തിൽ (അതതു സംഗതിപോലെ) ഭർത്താവ് അല്ലെങ്കിൽ ഭാര്യ അല്ലെന്നും വാദിക്കുന്നുവെങ്കിൽ, ജഡ്ജി, അങ്ങനെയുള്ള പ്രതിവാദത്തിന്റെ സാധുതയെപ്പററി, തനിക്ക് എന്തെങ്കിലും സംശയമുണ്ടെങ്കിൽ, സ്വയമേവ അല്ലെങ്കിൽ എതിർകക്ഷിയുടെ അപേക്ഷയിൻമേൽ, വസ്തുതാവിവരണം തയ്യാറാക്കി അതിൻമേലുള്ള തന്റെ സ്വന്തം അഭിപ്രായത്തോടുകൂടി, ഹൈക്കോടതിയുടെ തീരുമാനത്തിനായി സമർപ്പിക്കേണ്ടതുമാകുന്നു.

30 അങ്ങനെയുള്ള വസ്തുതാ വിവരണം ആവശ്യകമായ വസ്തുതകളേയും രേഖകളേയും പററി പ്രസ്താവിക്കേണ്ടതും, വ്യവഹാരം നിറുത്തി വയ്ക്കേണ്ടതുമാണെന്ന്.— അങ്ങനെയുള്ള ഏതൊരു വസ്തുതാവിവരണവും അതുവഴി ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ തീരുമാനിക്കുന്നതിന് ഹൈക്കോടതിയ്ക്ക് കഴിവുണ്ടാക്കാൻ ആവശ്യകമായ വസ്തുതകളേയും രേഖകളേയും

പററി ചുരുക്കത്തിൽ പറഞ്ഞിരിക്കേണ്ടതും, ഇതിൽ ഇതിനുശേഷം, വ്യവസ്ഥചെയ്തിട്ടുള്ളതുപോലെ അങ്ങനെയുള്ള കോടതിയുടെ വിധി ന്യായം ലഭിക്കുന്നതുവരെ, വ്യവഹാരം നിറുത്തിവയ്ക്കേണ്ടതും ആകുന്നു.

31. വസ്തുതാവിവരണക്കേസ് മൂന്നു ജഡ്ജിമാരാൽ തീരുമാനിക്കപ്പെടണമെന്ന്.— അങ്ങനെയുള്ള കോടതി ഏതെങ്കിലും പ്രസിഡൻസി ടൌണിലുള്ള ഹൈക്കോടതിയാണെങ്കിൽ, അങ്ങനെയുള്ള ഏതൊരു വസ്തുതാവിവരണക്കേസും, ചുരുങ്ങിയത് ഹൈക്കോടതിയിലെ മൂന്നു ജഡ്ജിമാരാൽ തീരുമാനിക്കപ്പെടേണ്ടതും; ഹർജി കക്ഷിയ്ക്കും എതിർകക്ഷിക്കും ഹൈക്കോടതിയിൽ നേരിട്ടോ, അഡ്വക്കേറ്റ് അല്ലെങ്കിൽ വക്കീൽ മുഖാന്തരമോ ഹാജരാവുകയും പറയാനുള്ളതു പറയുകയും ചെയ്യാവുന്നതുമാണ്.

32. ഹൈക്കോടതിയ്ക്ക് വസ്തുതാവിവരണക്കേസ് കൂട്ടിച്ചേർക്കലുകളോ വ്യത്യാസപ്പെടുത്തലുകളോ ആയി ജഡ്ജിക്ക് റഫർ ചെയ്യാമെന്ന്.— വസ്തുതാവിവരണക്കേസ്സിൽ അടങ്ങിയ പ്രസ്താവനകൾ, അതുവഴി ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ തീരുമാനിക്കുന്നതിന് ഹൈക്കോടതിക്ക് കഴിവുണ്ടാകുവാൻ മതിയായിട്ടുള്ളവയാണെന്ന് ബോദ്ധ്യപ്പെടുന്നില്ലെങ്കിൽ ഹൈക്കോടതിയ്ക്ക് ആ വസ്തുതാവിവരണക്കേസ്സ്, ഹൈക്കോടതി അതിലേയ്ക്ക് നിദേശിക്കുന്ന കൂട്ടിച്ചേർക്കലുകളോ വ്യത്യാസപ്പെടുത്തലുകളോ ആയി, അതു തയ്യാറാക്കിയ ജഡ്ജിക്ക് തിരിയെ റഫർ ചെയ്യാവുന്നതാണ്.

33 ഹൈക്കോടതിയ്ക്ക് ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രശ്നം തീരുമാനിക്കാവുന്നതും ജഡ്ജി അതനുസരിച്ച് കേസ്സ് തീർപ്പാക്കേണ്ടതുമാണെന്ന്.— അങ്ങനെയുള്ള ഏതെങ്കിലും വസ്തുതാവിവരണക്കേസ്സ് കേട്ടതിൻമേൽ, ഹൈക്കോടതി, അതുവഴി ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ തീരുമാനിക്കുകയും, അങ്ങനെയുള്ള തീരുമാനത്തിന് അടിസ്ഥാനമായ കാരണങ്ങൾ അടങ്ങുന്ന ആ കേസ്സിലെ അതിന്റെ വിധിന്യായം പ്രസ്താവിക്കുകയും ചെയ്യുന്നത് നിയമാനുസൃതമായിരിക്കുന്നതും, ഹൈക്കോടതി അങ്ങനെയുള്ള വിധിന്യായത്തിന്റെ ഒരു പകർപ്പ്, കോടതി മുദ്രവച്ചും രജിസ്ട്രാരുടെ ഒപ്പോടുകൂടിയും വസ്തുതാവിവരണം തയ്യാറാക്കിയ ജഡ്ജിക്ക് അയച്ചുകൊടുക്കേണ്ടതും, അതു കിട്ടുന്നതിൻമേൽ, ജഡ്ജി അങ്ങനെയുള്ള വിധി ന്യായത്തിന് അനുരൂപമായി ആ കേസ്സ് തീർപ്പാക്കേണ്ടതും ആകുന്നു.

34 റോമൻ കത്തോലിക്കാ വിവാഹങ്ങൾ ഒഴിവാക്കൽ.— ഈ ആക്ററിൽ അടങ്ങിയ യാതൊന്നും, റോമൻ കത്തോലിക്കാ മതത്തിലേക്ക് മതം മാറിയ ഒരാളുടെ ഏതെങ്കിലും വിവാഹം, അതു റോമൻ കത്തോലിക്കാ പള്ളിയുടെ ചട്ടങ്ങളും ചടങ്ങുകളും അടിയന്തരങ്ങളും ആചാരങ്ങളും അനുസരിച്ചുനടത്തിയിട്ടുള്ളതാണെങ്കിൽ, അസാധുവാക്കിത്തീർക്കുന്നതായി കണക്കാക്കപ്പെടുന്നതല്ല.

35 ആക്ററിന്റെ വ്യാപ്തി.—ഈ ആക്ററ് ജമ്മു-കാശ്മീർ സ്റേററും യൂണിയൻ രാജ്യക്ഷേത്രമായ മണിപ്പൂരും ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

## ഒന്നാം പട്ടിക

(7-ാം വകുപ്പ് നോക്കുക)

സ്റ്റാമ്പ്

..................................................സിവിൽ കോടതിയിലെ ജഡ്ജിക്ക്

18..............................മാസം.............................. ദിവസം.................................................ത്തെ ക. ഖ യുടെ ഹർജി—

1. ഈ ഹർജിക്കാരൻ 18 ............................................ മാസം ...................................................ദിവസമോ അതിനടുത്തോ ജനിച്ചുവെന്നും,

2. ഈ ഹർജിക്കാരൻ 18 ..............................................-ാം വർഷം ..................................മാസം ........................ ദിവസം വച്ച് ഗ. ഘ യുമായി നിയമാനുസൃതം വിവാഹിതനായി എന്നും,

3. മുൻപറഞ്ഞ ഗ. ഘ യ്ക്ക് ഇപ്പോൾ ............................... വയസ്സോ അല്ലെങ്കിൽ ഉദ്ദേശം.............................................. അത്ര വയസ്സ് ആയിട്ടുണ്ടെന്നും,

4. മുൻപറഞ്ഞ തന്റെ വിവാഹത്തിനുശേഷം ഹർജിക്കാരൻ തന്റെ മുൻപറഞ്ഞ ഭാര്യയോടൊപ്പം മുൻപറഞ്ഞ ................................... 18 ............................................................... മാസം........ ദിവസംവരെ ജീവിക്കുകയും സഹവസിക്കുകയും ചെയ്തു എന്നും,

5. 18 ..................................................മാസം........... ദിവസത്തിനു മുമ്പായി ഹർജിക്കാരൻ തന്റെ മതം ക്രിസ്തുമതമായി മാററുകയും ആ ദിവസം അയാൾ ജ്ഞാനസ്നാനം ചെയ്യിക്കപ്പെടുകയും.............................................. പള്ളിയിലെ ഒരംഗമായിത്തീരുകയും ചെയ്തു എന്നും,

6. 18 ..................................................മാസം......... ദിവസം (ഹർജിത്തീയതിയ്ക്ക് ചുരുങ്ങിയത് ആറുമാസം മുൻപ്) മുൻപറഞ്ഞ ഗ. ഘ ഈ ഹർജിക്കാരനെ അഭിത്യജിച്ചു എന്നും അതിനു ശേഷം അയാളുമായി സഹവസിക്കൽ പുനരാരംഭിച്ചിട്ടില്ലെന്നും,

7. അങ്ങനെയുള്ള അഭിത്യജനം ഈ ഹർജിക്കാരൻ മുൻപറഞ്ഞ മതംമാററത്തിന്റെ ഫലമായിട്ടായിരുന്നുവെന്നും,

8. ഈ ഹർജിക്കാരനും മുൻപറഞ്ഞ ഗ. ഘ യും തമ്മിൽ ഏതെങ്കിലും കപടസന്ധി ഉണ്ടായിരിക്കുകയോ മൗനാനുവാദം നല്കുകയോ ചെയ്യുന്നില്ലെന്നും,

കാണിക്കുന്നു.

### സത്യബോധപ്പെടുത്തുന്നതിനുള്ള ഫാറം

അതിനാൽ ബഹുമാനപ്പെട്ട അവിടുന്ന് മുൻപറഞ്ഞ ഗ. ഘ യോട് ഈ ഹർജിക്കാരനോടൊപ്പം ജീവിക്കുകയും സഹവസിക്കുകയും ചെയ്യാൻ ഉത്തരവ് ചെയ്യുകയോ അല്ലെങ്കിൽ ഈ ഹർജിക്കാരന്റെ വിവാഹം വിഘടിതമായതായി പ്രഖ്യാപിക്കുകയോ ചെയ്യണമെന്ന് ഈ ഹർജിക്കാരൻ പ്രാർത്ഥിക്കുന്നു.

ക. ഖ.

മുൻപറഞ്ഞ ഹർജിയിൽ പേരുപറഞ്ഞിട്ടുള്ള ഹർജിക്കാരൻ ക. ഖ ആയ ഞാൻ, അതിൽ പ്രസ്താവിച്ചിരിക്കുന്നത് എന്റെ ഉത്തമമായ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് പ്രഖ്യാപിക്കുന്നു.

## രണ്ടാം പട്ടിക

(9-ാം വകുപ്പ് നോക്കുക)

### സാധാരണ സംഗതികളിൽ സൈറേഷന്റെ ഫാറം

.......................................................ത്തെ ഗ. ഘ യ്ക്ക് മുൻപറഞ്ഞ ഗ. ഘ യായ നിങ്ങളുമായി നിയമാനുസൃതം വിവാഹിതയായി (വിവാഹിതനായി) ട്ടുണ്ടെന്ന് അവകാശപ്പെടുന്ന........ത്തെ ക. ഖ അവൻ (അല്ലെങ്കിൽ അവൾ) തന്റെ മതം ക്രിസ്തുമതമായി മാററിയതിന്റെ ഫലമായി, അവനെ അല്ലെങ്കിൽ അവളെ മുൻപറഞ്ഞ ഗ. ഘ ആയ നിങ്ങൾ ആറുമാസക്കാലം അഭിത്യജിച്ചിട്ടുണ്ടെന്നു പറഞ്ഞുകൊണ്ടും, നിങ്ങൾ അവനോടൊപ്പം (അല്ലെങ്കിൽ അവളോടൊപ്പം) ജീവിക്കുകയും സഹവസിക്കുകയും ചെയ്യാൻ സമ്മതിക്കാത്തപക്ഷം, അവന്റെ (അല്ലെങ്കിൽ അവളുടെ) വിവാഹം വിഘടിതമായി പ്രഖ്യാപിക്കുവാൻ പ്രാർത്ഥിച്ചുകൊണ്ടും മുൻപറഞ്ഞ ഗ. ഘ നിങ്ങൾക്കെതിരായി .. . ...... ........... .... സിവിൽ കോടതിയിൽ അവന്റെ (അല്ലെങ്കിൽ അവളുടെ) ഹർജി ഫയൽ ചെയ്തിരിക്കുന്നു. അതിനാൽ, ഇത് നിങ്ങൾക്ക് ഇത് നടത്തുന്നതു മുതൽ ........ദിവസം (കുറഞ്ഞ പക്ഷം ഒരു മാസത്തിനകം) കഴിയുന്നതോടെ, നിങ്ങൾ മുൻപറഞ്ഞ കോടതിയിൽ, അപ്പോൾ അവിടെ വച്ച് മുൻപറഞ്ഞ ഹർജിക്ക് മറുപടി പറയാനായി ഹാജരാകണമെന്ന് കല്പിക്കുന്നു. ആ ഹർജിയുടെ കോടതി മുദ്രവച്ച ഒരു പകർപ്പ് ഇതിനോടൊപ്പം നിങ്ങൾക്ക് നടത്തുന്നതുമാകുന്നു.

അപ്രകാരം ഹാജരാകുന്നതിന് നിങ്ങൾ വീഴ്ച വരുത്തുന്ന പക്ഷം, നിങ്ങൾ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 174-ാം വകുപ്പിൻ കീഴിൽ ശിക്ഷാർഹനായിരിക്കുന്നതാണെന്ന് ധരിച്ചു കൊള്ളുകയും വേണം.

18 ........................മാസം........................ ദിവസം

(ഒപ്പ്) ങ. ച.

...........................................ലെ സിവിൽ കോടതിയിലെ ജഡ്ജി.

### നടത്തലിനുശേഷം ചെയ്യേണ്ട എൻഡോഴ്സ്മെന്റ്

ഈ സൈറേഷൻ 18 ......................................മാസം .............. ..........ദിവസം........ ... ........ ........ത്ത് വച്ച് ഇതിൽ പേർ പറഞ്ഞിട്ടുള്ള ഗ. ഘ യ്ക്ക് മുറപ്രകാരം ഛ. ജ യാൽ നടത്തപ്പെട്ടിരിക്കുന്നു.

(ഒപ്പ്) ഛ. ജ.

മൂന്നാം പട്ടിക

(9-ാം വകുപ്പ് നോക്കുക)

## കോടതിയിൽ ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള എതിർ കക്ഷിയുടെ സംഗതിയിലെ സൈറേഷൻെറ ഫാറം

.......................................................ലെ ഗ. ഘ യ്ക്ക് മുൻപറഞ്ഞ ഗ. ഘ ആയ നിങ്ങളുമായി നിങ്ങളെ നിയമാനുസൃതം വിവാഹിത (വിവാഹിതൻ) ആയിട്ടുണ്ടെന്ന് അവകാശപ്പെടുന്ന ..................ലെ ക. ഖ അവൻ (അല്ലെങ്കിൽ അവാം) തൻെറ മതം ക്രിസ്തുമതമായി മാററിയതിൻെറ ഫലമായി അവനെ (അവളെ) മുൻപറഞ്ഞ ഗ. ഘ ആറു മാസക്കാലം അഭിത്യജിച്ചിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ടും നിങ്ങാം അവനുമായി (അവളുമായി) സഹവസിക്കാൻ സമ്മതിക്കാത്ത പക്ഷം, അവൻെറ (അല്ലെങ്കിൽ അവളുടെ) വിവാഹം വിഘടിതമായതായി പ്രഖ്യാപിക്കുവാൻ പ്രാർത്ഥിച്ചുകൊണ്ടും നിങ്ങാംക്കെതിരായി ............... ...............................................സിവിൽ കോടതിയിൽ അവൻെറ (അല്ലെങ്കിൽ അവളുടെ) ഹർജി ഫയൽ ചെയ്തിരിക്കുന്നു. അതിനാൽ നിങ്ങാംക്ക് ഇത് നടത്തുന്നതു മുതൽ ...........................................................................ദിവസം (ചുരുങ്ങിയത് ഒരു മാസം) കഴിയുന്നതോടെ നിങ്ങാം മുൻപറഞ്ഞ ഹർജി സംബന്ധിച്ച് ഈ കോടതി പുറപ്പെടുവിക്കുന്ന കമ്മീഷൻ പ്രകാരം ഇതിലേക്ക് മുറപ്രകാരം പ്രാധികാരപ്പെടുത്തുന്ന കമ്മീഷണർമാർ നിങ്ങാംക്ക് നല്കുന്ന ചോദ്യാവലിക്ക് മറുപടി പറയാൻ തയ്യാറായിരിക്കുകയും മറുപടി പറയുകയും ചെയ്യണമെന്ന് കല്പിക്കുന്നു. ആ ഹർജിയുടെ കോടതി മുദ്ര വച്ച ഒരു പകർപ്പ് ഇതോടൊപ്പം നിങ്ങാംക്ക് നടത്തുന്നതും ആകുന്നു.

അങ്ങനെയുള്ള ചോദ്യങ്ങാംക്ക് മറുപടി പറയാൻ തയ്യാറായിരിക്കുകയും മറുപടി പറയുകയും ചെയ്യാൻ നിങ്ങാം വീഴ്ച വരുത്തുന്ന പക്ഷം, നിങ്ങാം ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 174-ാം വകുപ്പിൻ കീഴിൽ ശിക്ഷാർഹനായിരിക്കുന്നതാണെന്ന് ധരിച്ചുകൊള്ളുകയും വേണം.

18 ....................................................................മാസം................................ ദിവസം

(ഒപ്പ്) ങ. ച

.......................... ............................ സിവിൽ കോടതി ജഡ്ജി.

## നടത്തലിനു ശേഷം ചെയ്യേണ്ട എൻഡോഴ്സ്മെൻറ്

ഈ സൈറേഷൻ 18 ........................................ മാസം ...... ...... ദിവസം.................................. ത്ത് വച്ച് ഇതിൽ പേർ പറഞ്ഞിട്ടുള്ള ഗ. ഘയ്ക്ക് മുറപ്രകാരം ഛ. ജ യാൽ നടത്തപ്പെട്ടിരിക്കുന്നു.

(ഒപ്പ്) ഛ. ജ.